DISPATCHED
19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 266*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4811**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. പ്രദീപ് പി.കെ.,
പള്ളിയ്ക്കകുഴി,
തുരുത്തിക്കാട് പി.ഒ.,
മല്ലപ്പള്ളി, പത്തനംതിട്ട – 689 597.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഇൻഫർമേഷൻ കേരള മിഷൻ,
സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ളോർ,
നന്ദൻകോട്, കവടിയാർ പി.ഒ.,
തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,
ഇൻഫർമേഷൻ കേരള മിഷൻ,
സ്വരാജ് ഭവൻ, ഗ്രൗണ്ട് ഫ്ളോർ,
നന്ദൻകോട്, കവടിയാർ പി.ഒ.,
തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.12.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.01.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.02.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09.03.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.03.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.03.2022 |
| ഹിയറിംഗ് നടന്ന തീയതി | 27.10.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രദീപ് പി.കെ.., 18.03.2022ന് സമർപ്പിച്ച അപ്പീൽ ഹർജി 19.03.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.266(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.12.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) സ.ഉ(കൈ)212/2012 തീയതി 06.08.2012, സ.ഉ.(കൈ) 255/2013 തീയതി 18.07.2013 എന്നീ ഉത്തരവുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി വിവരങ്ങൾ(സചിത്ര ഡാറ്റാ ബേസ് വിവരങ്ങൾ) IKM നിന്നും കൈമാറി കിട്ടിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഉത്തരവ് നടപ്പാക്കത്തതിന്റെ കാരണം,

2) ഇപ്രകാരം വിവരങ്ങൾ IKM നിന്നും കൈമാറി കിട്ടിയിട്ടുണ്ടെങ്കിൽ IKM നിന്നും ടി വിവരം മറ്റു സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കൈമാറിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്നും

3) ഡേറ്റാബേസ് കൈമാറി കിട്ടിയിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവിലെ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ബ്ലോക്കിലെ ആസ്തി വിവരങ്ങളുടെ ലിസ്റ്റ് സി.ഡി. രൂപത്തിൽ ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 20.01.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ഇൻഫർമേഷൻ കേരള മിഷൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സോഫ്റ്റ്‌വെയർ വികസനം, സാങ്കേതിക സഹായം, എന്നിവ നൽകുന്നതിന് കേരള സ്റ്റേറ്റ് ഗവൺമെന്റ് രൂപീകരിച്ച സ്ഥാപനമാണെന്നും സചിത്ര സോഫ്റ്റ് വെയർ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും വിന്യസിച്ചിട്ടുണ്ടെന്നുമാണ്.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റു ഡിപ്പാർട്ട്മെന്റുകൾക്കും അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിശ്ചിത ഫോർമാറ്റിൽ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്.

3) ഇൻഫർമേഷൻ കേരള മിഷൻ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സോഫ്റ്റ് വെയർ വികസനം, സാങ്കേതിക സഹായം എന്നിവ നൽകുന്നതിന് കേരള സ്റ്റേറ്റ് ഗവൺമെന്റ് രൂപീകരിച്ച സ്ഥാപനമാണെന്ന വിവരം അറിയിക്കുന്നുവെന്നും കുടാതെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ആസ്തി വിവരങ്ങളുടെ ഉടമസ്ഥാവകാശം, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് എന്ന വിവരവും അറിയിക്കുന്നുവെന്നാണ്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 09.03.2022ന് അപ്പീൽ അധികാരി മറുപടി നൽകിയതായി കാണുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, 10 ദിവസത്തിനകം ഒന്നാം എതിർകക്ഷി വിവരം നൽകാമെന്നറിയിച്ചതിനെ തുടർന്ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, കമ്മീഷൻ 27.10.2022ന് നടത്തിയ ഹിയറിംഗിലെ നിർദ്ദേശപ്രകാരം അപേക്ഷകന് മല്ലപ്പള്ളി, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ ആസ്തി വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ സചിത്ര ഡാറ്റ ബേസിലെ മുഴുവൻ ലഭ്യമായ വിവരങ്ങളും ടിയാന് 30.10.2022ന് ഇ–മെയിൽ മുഖാന്തിരം അയച്ചു നൽകിയിരുന്നുവെന്നാണ്. തുടർന്ന് 31.10.2022ന് തന്നെ ഐ.കെ.എമ്മിൽ നിന്നും പ്രസ്തുത ഫയലുകൾ pdf ആക്കി ഓരോന്നായി അയക്കുകയും അവ അപേക്ഷകന് ലഭിച്ച വിവരവും ഓപ്പൺ ആക്കാൻ കഴിഞ്ഞ വിവരവും അപേക്ഷകൻ ഫോണിൽ വിളിച്ചറിയിച്ചിട്ടുണ്ടെന്നുമാണ്.

6. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/